**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5448</u>** **<u>05-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ഇന്റർസ്റ്റേറ്റ് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിനു നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ഡിപ്പോയിൽ നിന്നും ബാംഗ്ലൂരിലേക്കും മുംബൈയിലേക്കും ഇന്റർസ്റ്റേറ്റ് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | മറ്റ് സംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർസംസ്ഥാന ഗതാഗത കരാറുകളുടെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. കർണ്ണാടക സംസ്ഥാനവുമായി നിലവിലുള്ള കരാർ പ്രകാരം കാസർഗോഡ് ഡിപ്പോയിൽ നിന്നും ബാംഗ്ലൂരിലേക്ക് സർവ്വീസ് നടത്തി വരുന്നുണ്ട്. എന്നാൽ കാസർഗോഡ് നിന്നും മുബൈയിലേക്ക് സർവ്വീസ് നടത്തുന്നതിന് മറ്റ് സംസ്ഥാനങ്ങളുമായി ഗതാഗത കരാർ രൂപീകരിച്ചിട്ടില്ലാത്തതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ